ശ്രീ. കെ എം. മാണി : അത് ഒരു നയമാണ്. അങ്ങനെയാണെങ്കിൽ 1978-ലേത് തീർത്തിട്ടേ ബാക്കിയുള്ളതാകാവൂ എന്നൊരു നയം എടുക്കാം വേണമെങ്കിൽ. പക്ഷെ 1978-ലേത് തീർക്കുകയും വേണം കരണ്ടായിട്ടുള്ളത് വല്ലതും അത്യാവശ്യമാണെങ്കിൽ ചിലപ്പോൾ കൊടുക്കുകയും വേണം. ഇത് രണ്ടുംകൂടി പൊരുത്തപ്പെടുത്തി കൊണ്ടുപോകുന്നതായിരിക്കും നല്ലത്.

ശ്രീ. കെ. ടി. കണാരൻ : മിനിമം ഗാരൻറി ഉണ്ടായിട്ടുള്ള ലൈൻ എക്സ്റ്റൻഷൻ കേസുകളെ സംബന്ധിച്ച് 1978 മുതൽ കുടിശ്ശിക ഉണ്ടെന്ന് മന്ത്രി പറഞ്ഞു. 1978-നു ശേഷം 1982 വരെയുള്ള കുടിശ്ശിക ഒരു സെക്ഷന്റെ കീഴിൽ രണ്ടു വർക്കുകളെങ്കിലും ഈ വർഷം പൂർത്തിയാക്കണമെന്ന ഒരു പ്രത്യേക നടപടി ഗവൺമെൻറ് ഭാഗത്തുനിന്ന് സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : കുടിശ്ശിക കിടക്കുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുത്ത് കഴിയുന്നിടത്തോളം ചെയ്തുതീർക്കുകയെന്നുള്ളതാണ് ഇപ്പോൾ എടുത്തിരിക്കുന്ന നയം.

ശ്രീ. കെ. ടി. കണാരൻ : എന്റെ നിയോജകമണ്ഡലത്തിൽ കലാറ് സെക്ഷനിലുള്ള കുടിശ്ശികയുള്ള രണ്ട് വർക്കെങ്കിലും ഈ സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കാൻ മേവുണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : ഏതായാലും പരിശോധിച്ച് വളരെ കുടിശ്ശികയുള്ളതാണെങ്കിൽ അതിന് മുൻഗണന കൊടുക്കാം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : എന്റെ നിയോജകമണ്ഡലത്തിൽ കുതിരാൻ വാണിയമ്പാറ ലൈൻ എക്സ്റ്റൻഷൻ നാഷണൽ ഹൈവേയിൽ പെട്ടതാണ്. വളരെക്കാലമായി പണി ചെയ്യാതെ കിടന്നിരുന്ന ആ വർക്ക് ഏറെറടുത്ത് പണി ആരംഭിച്ചെങ്കിലും ഇപ്പോൾ ചില സാങ്കേതിക തടസങ്ങൾ പറഞ്ഞ് നിറുത്തിവച്ചിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ മലയോര പ്രദേശമായ ഈ പ്രദേശത്ത് ലൈൻ എക്സ്റ്റൻഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? 40 മോട്ടോർ കണക്ഷനുള്ളതാണ്. കൃഷിക്കാർ വളരെയധികം കഷ്ടപ്പെടുന്നു, അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഓരോ ലൈനിനെക്കുറിച്ചും എന്നോട് ചോദിച്ചാൽ ഇവിടെവച്ച് ഉത്തരം പറയാൻ ബുദ്ധിമുട്ടാണ്. ആ ലൈനിനെക്കുറിച്ച് എന്താണ് പിശക് വന്നിട്ടുള്ളതെന്ന് പ്രത്യേകം പരിശോധിക്കാം. സാങ്കേതിക തടസ്സങ്ങൾ ഇല്ലെന്നുണ്ടെങ്കിൽ പൊതുനയത്തിനകത്ത് നിന്നുകൊണ്ട് അത് ചെയ്തുതീർക്കാൻ ശ്രദ്ധിക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി : കാസർകോട് ഡിവിഷന്റെ കീഴിലുണ്ടായിരുന്ന ഡിവിഷൻ സൂപ്രണ്ട് കണ്ണൂരിലേക്ക് മാറിക്കൊണ്ട് അവിടെ നിന്ന് അബോളിഷ് ചെയ്യുകയുണ്ടായി. ഒരു പിന്നോക്കപ്രദേശമെന്നുള്ള നിലയിൽ അതവിടെ നിലനിറുത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് പരിശോധിക്കാം.

അംഗീകാരം നഷ്ടപ്പെട്ട സ്കൂളുകൾ

* 98. [140] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, വർക്കല രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.വി. ജെ. തങ്കപ്പൻ :

,, സി. കെ. തങ്കപ്പൻ :

ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ശരിയായി നടത്താത്തതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര സ്കൂളുകളുടെ അംഗീകാരം നഷ്ടപ്പെട്ടിട്ടുണ്ട് ;

(ബി) ഇതിൽ എൽ. പി., യു. പി., ഹൈസ്ക്കൂൾ എന്നിവ എത്ര വീതം ;

(സി) അംഗീകാരം നഷ്ടപ്പെട്ട സ്കൂളുകളിലെ മൊത്തം അദ്ധ്യാപകർ എത്ര ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ), (ബി), ആൻഡ് (സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വിവരം ശേഖരിച്ചുവരുന്നു എന്നു മറുപടി പറഞ്ഞാൽ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് ചോദിക്കുക എന്നുള്ളതുതന്നെ മനസ്സിലാകുന്നില്ല.

സ്ഥിരം അംഗീകാരം കിട്ടാത്തതിന്റെ പേരിൽ എത്ര സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം ഈ വർഷം തടഞ്ഞുവച്ചിരുന്നു എന്നതിനെ സംബന്ധിച്ചും പിന്നീട് ഗവൺമെന്റ് അതിന് എന്തു തീരുമാനം എടുത്തു എന്നതിനെ സംബന്ധിച്ചും വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഏകദേശം എണ്ണായിരത്തോളം അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവച്ചിരുന്നു, പക്ഷെ ആ ശമ്പളം അവർക്ക് താൽക്കാലികമായി കൊടുക്കാൻ ജൂൺ മാസത്തിൽതന്നെ തീരുമാനം എടുത്തു. ഈ അദ്ധ്യയനവർഷം അവസാനംവരെ അവർക്ക് ശമ്പളം കൊടുക്കാനുള്ള തീരുമാനമാണ് ഇപ്പോഴും എടുത്തിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സ്കൂളുകളും അൺഎക്കണോമിക് സ്കൂളുകളായി ഗവൺമെന്റ് പ്രഖ്യാപിക്കുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഒരു സ്കൂളിൽ 100 കുട്ടികൾക്ക് താഴെ ഉണ്ടെങ്കിൽ അത് അൺഎക്കണോമിക് സ്കൂളായി പരിഗണിക്കും. അതാണ് ഇപ്പോഴും നിലവിലുള്ള വ്യവസ്ഥ.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ചോദ്യം ചോദിക്കുന്നതിനു മുമ്പ് ഈ ചോദ്യത്തെ സംബന്ധിച്ച് എനിക്ക് ഒരു കാര്യം പറയാനുണ്ട്. 'വിവരം ശേഖരിച്ചു വരുന്നു' എന്നു മന്ത്രി പറഞ്ഞത് ന്യായീകരിക്കാം. പക്ഷെ ഈ സഭയ്ക്കുള്ള ഒരു അവകാശമുണ്ട്. പത്തുപതിനാല് ദിവസങ്ങൾക്ക് മുമ്പ് നോട്ടീസ് എഴുതി കൊടുത്തിട്ടാണ് ചോദിച്ചത്. Government is omnipotent and omnipresent അവർക്ക് ഇൻഫർമേഷൻ കളക്ട് ചെയ്യാൻ കമ്പ്യൂട്ടർ രൂപത്തിൽ.....

മി. സ്പീക്കർ : ഓർഡർ, ഓർഡർ. വിവരം ശേഖരിച്ചുവരുന്നു എന്നുള്ള പ്രയോഗം ഇല്ലായിരുന്നുവെങ്കിൽ നമ്മളാകെ വിഷമിച്ചുപോയേനെ. ഏതായാലും നിയമസഭയ്ക്കാവശ്യമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിൽ കുറച്ചുകൂടി വേഗത കാണിക്കേണ്ടതു വളരെ അത്യാവശ്യമാണ്, അതിന് ഒരു സംവിധാനം ഉണ്ടാക്കണം, അതിനെക്കുറിച്ച് ആലോചിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : എനിക്ക് ചോദിക്കാനുള്ളത്, ശരിയായി നടത്താത്തതിന്റെ പേരിൽ തിരുവനന്തപുരം ജില്ലയിലെ കാർമൽ സ്കൂളിനെതിരായി നോട്ടീസ് അയച്ചിരുന്നതായി മന്ത്രി സഭയിൽതന്നെ പറഞ്ഞിട്ടുണ്ട്. അതിന്റെ അനന്തരനടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങ് ഇവിടെ പറഞ്ഞ കാര്യത്തെക്കുറിച്ച് ഒരു മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ചാപ്റ്റർ അഞ്ച് റൂൾ 22, 23 എന്നിവ അനുസരിച്ച് ഡി. ഇ. ഒ. മാരാണ് അംഗീകാരം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച നടപടി എടുക്കേണ്ടത്. കേരളത്തിലെ എല്ലാ ഡി. ഇ. ഒ. ഓഫീസുകളിൽനിന്നും വേണം അതിന്റെ ഉത്തരം അയയ്ക്കേണ്ടത്. ഇന്നലെവരെ എല്ലാ ഡി. ഇ. ഒ. ഓഫീസിൽനിന്നും പൂർണ്ണമായി കിട്ടിയിട്ടില്ല. പൂർണ്ണമായി കിട്ടാത്ത കണക്ക് നിയമസഭയിൽ പറയുന്നത് ശരിയുമല്ല. റിപ്പൈ കിട്ടിയതിനുശേഷം ഞാൻ ഇന്നലെ ഉദ്യോഗസ്ഥൻമാരെ വിളിച്ചിരുന്നു. അവർ പറഞ്ഞത് ഞങ്ങളുടെ ഡിപ്പാർട്ട്മെന്റിൽ ഈ ചോദ്യം ലഭിച്ചത് ഏതാനും ദിവസങ്ങൾക്ക് മുമ്പ് മാത്രമാണ് എന്നാണ്. ഇവിടെനിന്നും ടെലിപ്രിന്റർ മെസേജ് തന്നെ അയച്ചിരുന്നു, മറുപടി കിട്ടാൻ താമസം എന്താണെന്ന്. ചോദ്യം കിട്ടിയിട്ട് നാലഞ്ചു ദിവസമേ ആയിട്ടുള്ളു എന്നാണ് പറഞ്ഞത്. ഇങ്ങനെയുള്ള സാഹചര്യം ഉണ്ടാകരുത്, കഴിയുന്നിടത്തോളം നിയമസഭയിൽ കൃത്യമായ ഉത്തരം കൊടുക്കണമെന്ന അഭിപ്രായമാണുള്ളത്. അതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : അങ്ങു കുറച്ചുകൂടി അലർട്ട് ആകണം. അങ്ങേയ്ക്ക് മാത്രമല്ല എല്ലാ മന്ത്രിമാർക്കും ഇതു ബാധകമാണ്. ഈ നിയമസഭയുടെ ചോദ്യോത്തരവേള എന്നു പറഞ്ഞാൽ വളരെ പ്രധാനപ്പെട്ട ഒരു സന്ദർഭമാണ്. അതു ഫലപ്രദമായി ഉപയോഗിക്കുവാൻ സഭയ്ക്ക് കഴിയാതെ പോകുകയെന്നു പറഞ്ഞാൽ അതിൽപരം നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമില്ല. അതുകൊണ്ട് അത് ഒഴിവാക്കണം.

ശ്രീ. ടി. എം. ജേക്കബ് : അങ്ങു പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. അപൂർണ്ണമായ ഉത്തരം വയ്ക്കുന്നതിനു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.

മി. സ്പീക്കർ : ഈ പ്രത്യേക കാര്യം ഉദ്ദേശിച്ചുകൊണ്ടു പറഞ്ഞതല്ല. പൊതുവായി പറഞ്ഞതാണ്.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യം കാർമ്മൽ സ്കൂളിനെ സംബന്ധിച്ചാണ്. അവർക്ക് നോട്ടീസ് നൽകിയിരുന്നു. അവരിൽനിന്നുള്ള റിപ്പൈ കിട്ടിയിരിക്കുകയാണ്. അതിനെത്തുടർന്നുള്ള അനന്തരനടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കാർമ്മൽ സ്കൂളിനെതിരായി അനന്തരനടപടികൾ സ്വീകരിക്കാൻ എന്തുകൊണ്ടാണ് കാലതാമസം നേരിടുന്നത്? ആ കാലതാമസം ഒഴിവാക്കി ഒരു അവസാനതീരുമാനമെടുക്കാൻ എന്നേയ്ക്ക് കഴിയും എന്നു ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : നിയമത്തിനു വിധേയമായിട്ട് മാത്രമേ നടപടി സ്വീകരിക്കുവാൻ കഴിയൂ. അവർക്ക് നോട്ടീസ് കൊടുത്തു. അതിന്റെ റിപ്പൈ കിട്ടിയതിനുശേഷം കെ. ഇ. ആർ.-ൽ പറയുന്ന വ്യവസ്ഥകൾ അനു

സരിച്ചുള്ള നടപടികളുമായി ഉദ്യോഗസ്ഥൻമാർ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. കൃത്യമായ ഒരു സമയപരിധി പറയാൻ ബുദ്ധിമുട്ടാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സന്ദർഭം അനുവദിക്കുന്നതുകൊണ്ട് ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഈ ഗവൺമെൻറ് സെക്രട്ടേറിയറ്റിൽ ഉള്ള ഗവൺമെൻറ് സെക്രട്ടറിമാരുടെ ടെലഫോൺ ചാർജ് എത്രയാണെന്ന് ചോദിച്ചതിന് മറുപടി തരുന്നതിനു പകരം വിവരം ശേഖരിച്ചു വരുന്നു എന്നാണ് പറയുന്നത്. ഇതു വിശാലമായ കേരളത്തെ സംബന്ധിച്ചിടത്തോളമുള്ള ചോദ്യം ആണ്.

മി. സ്പീക്കർ : ഈ ചോദ്യത്തിന് പ്രസക്തമായ ചോദ്യം ചോദിക്കണം.

ശ്രീ. വി. ജെ. തങ്കപ്പൻ : അങ്ങു സീരിയസായി എടുത്തതുകൊണ്ട് ഞാൻ പറയുന്നതാണ്. ഒരു സ്ക്കൂളിലെ ഒരു വിദ്യാർത്ഥിയെ, വിജയിക്കുവാൻ അർഹതയുള്ള മാർക്ക് ഉള്ള വിദ്യാർത്ഥിയെ അറിഞ്ഞുകൊണ്ട് മാനേജ്മെൻറോ, ഹെഡ്മാസ്റ്ററോ, ഹെഡ്മിസ്ട്രസോ തോൽപിച്ചാൽ നിയമപരമായ നടപടി എടുക്കുവാൻ സാധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : നമ്മുടെ വിദ്യാഭ്യാസ നിയമത്തിൽ അതിനാവശ്യമായിട്ടുള്ള വ്യവസ്ഥയുണ്ട്. നടപടി സ്വീകരിക്കുവാൻ സാധിക്കും.

ശ്രീ. വി. ജെ. തങ്കപ്പൻ : അതിൻെറ അടിസ്ഥാനത്തിൽ കാർമ്മർ സ്ക്കൂളിൽ ജയിക്കാൻ അർഹതയുണ്ടെന്നു ബോദ്ധ്യമായ ഒരു വിദ്യാർത്ഥിനിയെ അറിഞ്ഞുകൊണ്ട് തോൽപ്പിച്ച ഹെഡ്മിസ്ട്രസിൻെറ പേരിൽ എന്തെങ്കിലും നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ നടപടി സ്വീകരിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : വിദ്യാഭ്യാസ നിയമമനുസരിച്ച് മാനേജ്മെൻറ് സ്ക്കൂളുകളിൽ പ്രധാനാദ്ധ്യപകരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടത് മാനേജ്മെൻറാണ്. അവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ കാര്യത്തിൽ മറുപടി നൽകിക്കഴിഞ്ഞിരിക്കുകയാണ്. അതു സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മാനേജ്മെൻറ് നടപടി സ്വീകരിക്കുവാൻ വിസമ്മതം പ്രകടിപ്പിച്ചാൽ ഗവൺമെൻറിന് നടപടി സ്വീകരിക്കുവാൻ കഴിയും; അതനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതാണ്.

വൈദ്യുതി എത്താത്ത വില്ലേജുകൾ

* 99. [141] ശ്രീ. കെ. കെ. തോമസ് :
,, രാഘവൻ പൊഴക്കടവിൽ :
,, തെന്നല ജി. ബാലകൃഷ്ണപിള്ള :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി എത്താത്ത വില്ലേജുകളുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly